ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 12.03.2025

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കും.
2. സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനം വർധിച്ചതായി മന്ത്രി പി പ്രസാദ്; ജൈവ ജീവാണു വളങ്ങൾ ഉത്പാദിപ്പിക്കാൻ കർഷകകരെ പ്രോത്സാഹിപ്പിക്കുമെന്നും മന്ത്രി.
3. ലഹരി ഉപയോഗത്തിനെതിരെ  കായിക വകുപ്പിൻറെ നേതൃത്വത്തിൽ ശക്തമായ പ്രചാരണം ആരംഭിക്കുമെന്ന് മന്ത്രി വി.അബ്ദുറഹിമാൻ.
4. ശ്രീനാരായണഗുരുവും മഹാത്മാഗാന്ധിയും ശിവഗിരിയിൽ കൂടിക്കാഴ്ച നടത്തിയതിൻറെ ശതാബ്ദി ആഘോഷം തുഷാർ ഗാന്ധി ഉദ്ഘാടനം ചെയ്തു.
5. ആറ്റുകാൽ പൊങ്കാല നാളെ; നഗരത്തിൽ പൊങ്കാല അടുപ്പുകൾ നിരന്നു; പഴുതടച്ച ക്രമീകരണങ്ങളുമായി വിവിധ സർക്കാർ വകുപ്പുകൾ.
6. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഹൈദരാബാദ് എഫ്.സി പോരാട്ടം.

**************************************************

## പ്രധാനമന്ത്രി -മൗറീഷ്യസ്

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കും.

മൗറീഷ്യസ് മുൻ പ്രധാനമന്ത്രി പ്രവിന്ദ് ജുഗ്നാഥുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. ശ്രീ മോദിക്ക് ഇന്നലെ മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലം മൗറീഷ്യസിന്റെ പരമോന്നത സിവിലിയൻ ബഹുമതി പ്രഖ്യാപിച്ചിരുന്നു.

*************************************************

## പ്രധാനമന്ത്രി -ദണ്ഡി മാർച്ച്

ഇന്ന് ദണ്ഡി യാത്ര സ്മൃതി ദിനം. ബ്രിട്ടീഷ് ഇന്ത്യയിൽ ഉപ്പിന് നികുതി ചുമത്തിയതിൽ പ്രതിഷേധിച്ച് 1930 മാർച്ച് 12 ന് മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ ദണ്ഡിയിലേക്ക് നടത്തിയ യാത്രയോടെയാണ് ഉപ്പു സത്യാഗ്രഹം ആരംഭിച്ചത്. ദണ്ഡി മാർച്ചിൽ പങ്കെടുത്തവർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി സ്മരണാഞ്ജലി അർപ്പിച്ചു. മഹാത്മാഗാന്ധി നയിച്ച മാർച്ച് സ്വാശ്രയത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള രാജ്യവ്യാപകമായ മുന്നേറ്റത്തിന് തുടക്കമിട്ടതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

RNU TVPM

*************************************************

## പാർലമെന്റ് ബജറ്റ് സമ്മേളനം

പാർലമെൻറ് ബജറ്റ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടം പുരോഗമിക്കുന്നു. കടൽമണൽ ഖനന നീക്കത്തിനെതിരെ പാർലമെന്റിനു പുറത്ത് കേരള സ്റ്റേറ്റ് ഫിഷറീസ് കോ–ഓർഡിനേഷൻ കമ്മിറ്റി മാർച്ച് നടത്തി. കേരളത്തിൽ നിന്നുള്ള എംപിമാർ പങ്കെടുത്തു.

*************************************************

## നിയമസഭ - പി.പ്രസാദ് (ഇൻട്രോ)

രാസവളത്തിന്റെ വില കുറയ്ക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമെന്ന് മന്ത്രി പി പ്രസാദ്. ജൈവ ജീവാണു

വളങ്ങൾ ഉത്പാദിപ്പിക്കാൻ കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും പരിശീലനം നൽകുന്ന പരിപാടി സംസ്ഥാന സർക്കാർ ആരംഭിച്ചതായും മന്ത്രി നിയമസഭയിൽ അറിയിച്ചു. കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള ലാബുകളിൽ വളങ്ങളുടെ ഗുണമേന്മ പരിശോധിക്കാമെന്നും മന്ത്രി പറഞ്ഞു. ( വോയിസ്.... ) സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനം വർധിച്ചെന്നും നെല്ല് സംഭരണത്തെ അട്ടിമറിക്കുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചതായും മന്ത്രി അറിയിച്ചു.

**************************************************

## നിയമസഭ-വി.അബ്ദുറഹ്മാൻ

ലഹരി മരുന്ന് ഉപയോഗത്തിനെതിരെ കായിക വകുപ്പിന്റെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ശക്തമായ പ്രചാരണം ആരംഭിക്കുമെന്ന് മന്ത്രി വി.അബ്ദുറഹിമാൻ. എല്ലാ നിയമസഭാ മണ്ഡലങ്ങളിലും കഴിയുന്നത്ര പഞ്ചായത്തുകളിലും പ്രചാരണം നടത്താൻ ശ്രമിക്കുമെന്നും അദ്ദേഹം നിയമസഭയിൽ വ്യക്തമാക്കി.

RNU TVPM

**************************************************

## നിയമസഭ - ആർ.ബിന്ദു

യു ജി സിയുടെ കാഴ്ച്ചപ്പാടിൽ നിന്ന് വ്യത്യസ്തമായി ഭാഷാ പഠനത്തെ വൈവിദ്ധ്യവത്കരണത്തിലൂടെ സമീപിക്കുന്ന രീതിയാണ് കേരളം സ്വീകരിച്ചിട്ടുള്ളതെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. 4 ഭാഷകൾ പഠിക്കാനും വിദ്യാർത്ഥികൾക്ക് അഭിരുചിക്ക് അനുസരിച്ച് ഭാഷകൾ തിരഞ്ഞെടുക്കാനും അവസരമുണ്ടെന്ന് മന്ത്രി നിയമസഭയിൽ വ്യക്തമാക്കി. വിദ്യാർത്ഥി കേന്ദ്രീകൃത സമീപനമണ് കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളതെന്നും ശ്രീമതി ബിന്ദു പറഞ്ഞു.

**************************************************

## ശ്രീനാരായണഗുരു - ഗാന്ധിജി

ശ്രീനാരായണഗുരുവും മഹാത്മാഗാന്ധിയും ശിവഗിരിയിൽ കൂടിക്കാഴ്ച നടത്തിയതിന്റെ സ്മരണയ്ക്ക് ഇന്ന് നൂറുവയസ്. 1925 മാർച്ച് 12 നാണ് മഹാത്മാഗാന്ധി ശിവഗിരി സന്ദർശിച്ച് ശ്രീനാരായണ ഗുരുവുമായി സംഭാഷണം നടത്തിയത്. മഹാത്മാഗാന്ധിയുടെ പ്രപൗത്രൻ തുഷാർ ഗാന്ധി, കൂടിക്കാഴ്ച നടന്ന വനജാക്ഷി മന്ദിരം 'സമാഗമ ശതാബ്ദി സ്മാരക മ്യൂസിയ'മായി സമർപ്പിച്ചു. ശതാബ്ദി സമ്മേളനവും ശ്രീ തുഷാർ ഗാന്ധി ഉദ്ഘാടനം ചെയ്തു. ഇന്ന് രാജ്യം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ഐക്യം ഇല്ലായ്മ ആണെന്നും പരസ്പര ഐക്യത്തിലൂടെ മാത്രമേ മുന്നേറാൻ സാധിക്കൂ എന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

**************************************************

## ആറ്റുകാൽ പൊങ്കാല (ഇൻട്രോ)

ലോക പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല നാളെ. രാവിലെ 9.45 ന് ശുദ്ധ പുണ്യാഹത്തോടെ പൊങ്കാല സമർപ്പണ ചടങ്ങുകൾ ആരംഭിക്കും. പണ്ടാര അടുപ്പിൽ തീ പകർന്നു കഴിഞ്ഞാൽ ഭക്തരുടെ അടുപ്പുകളിലും അഗ്നി പകരും. ഉച്ചക്ക് 1.15 ഓടെ പൊങ്കാല നിവേദ്യം നടക്കും. പൊങ്കലക്കെത്തുന്ന ഭക്തർക്കായി കെ.എസ്.ആർ.ടി.സിയും, റെയിൽവേയും പ്രത്യേക സർവീസുകൾ നടത്തുന്നുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്.....**

(വോയിസ്)

**************************************************

## മകം തൊഴൽ

ചോറ്റാനിക്കര ദേവി ക്ഷേത്രത്തിലെ മകം തൊഴൽ ഇന്ന്. ഉച്ചയ്ക്ക് രണ്ടു മണി മുതൽ രാത്രി 9 മണി വരെയാണ് മകം തൊഴൽ. രാവിലെ മുതൽ ക്ഷേത്രത്തിൽ ഭക്തജനങ്ങളുടെ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്.

*************************************************

## വൈറൽ മെനിൻജൈറ്റിസ്

കൊച്ചിയിൽ വൈറൽ മെനിൻജൈറ്റിസ് ബാധിച്ച് അഞ്ചു കുട്ടികൾ സ്വകാര്യ ആശുപത്രികളിൽ ചികിത്സയിൽ. കളമശേരിയിലെ സ്വകാര്യ സ്കൂളിലെ ഒന്നും രണ്ടും ക്ലാസുകളിലെ വിദ്യാർത്ഥികളെ തലവേദന, ഛർദ്ദി, പനി എന്നിവയെ തുടർന്ന് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. മറ്റു കുട്ടികൾക്ക് രോഗബാധ ഉണ്ടാകാതിരിക്കാൻ സ്കൂൾ താത്കാലികമായി അടച്ചു.

RNU TVPM

*************************************************

## വയനാട് -മുഖ്യമന്ത്രി

മുണ്ടക്കൈ-ചൂരൽമല ദുരന്ത ബാധിതർക്കായി - സർക്കാർ നിർമിക്കുന്ന ടൗൺഷിപ്പിന് ഈ മാസം 27 ന് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും. ഇന്നലെ 8 പേർ കൂടി ജില്ലാ കളക്ടറെ നേരിൽ കണ്ട് വീടിനായി സമ്മതപത്രം നൽകി.

*************************************************

## വയനാട് പുനരധിവാസം-സമരം

പുനരധിവാസ പട്ടികയിൽ നിന്നൊഴിവാക്കിയതിൽ പ്രതിഷേധിച്ച് വയനാട് ചൂരൽമലയിൽ സൂചനാ സമരവുമായി ദുരന്തബാധിതർ. ചൂരൽമല പടവെട്ടിക്കുന്ന് നിവാസികളുടെ നേതൃത്വത്തിലായിരുന്നു സമരം. ദുരന്തബാധിതരായ 27

കുടുംബങ്ങളെ പട്ടികയിൽ നിന്ന് ഒഴിവാക്കിയെന്ന് ആരോപിച്ചാണ് പ്രതിഷേധം. കളക്ടറേറ്റിന് മുൻപിലും ദുരിതബാധിതർ സമരം നടത്തി.

***********************************************

## കേന്ദ്ര ധനമന്ത്രി -കേരള ഹൗസ്

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ന്യൂഡൽഹി കേരള ഹൗസ് സന്ദർശിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധി കെ.വി തോമസ് എന്നിവരുമായി കൂടിക്കാഴ്ച നടത്തി. അനൗദ്യോഗിക സന്ദർശനത്തിനെത്തിയ കേന്ദ്രധനമന്ത്രി പ്രഭാത ഭക്ഷണവും കഴിച്ചാണ് മടങ്ങിയത്.

***********************************************

RNU TVPM

## മുഖ്യമന്ത്രി- ഗവർണർ

മുഖ്യമന്ത്രി പിണറായി വിജയനുമായും കേരളത്തിൽ നിന്നുള്ള എംപിമാരുമായും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ന്യൂഡൽഹി കേരളഹൗസിൽ കൂടിക്കാഴ്ച നടത്തി. കേരളത്തിൻ്റെ പ്രശ്നങ്ങൾ കേന്ദ്രത്തിൽ അവതരിപ്പിക്കാൻ മുഖ്യമന്ത്രിക്ക് ഒപ്പമുണ്ടെന്ന് ഗവർണർ പറഞ്ഞു. ഗവർണറുടെ

പിന്തുണയിൽ മുഖ്യമന്ത്രി നന്ദി അറിയിച്ചു.

***********************************************

## തൃശൂർ - ഭൂരേഖകൾ കൈമാറി(ഇൻട്രോ)

തൃശൂർ തലപ്പിള്ളി താലൂക്കിൽ അകമലക്ക് സമീപം മണ്ണിടിച്ചിൽ ഭീഷണിയുണ്ടായ മാരത്ത്കുന്നിൽ നിന്ന്, മാറ്റിപാർപ്പിച്ച രണ്ട് കുടുംബങ്ങൾക്ക് ഇനി സ്വന്തമായി ഭൂമി. നടപടികൾ പൂർത്തിയാക്കി ഭൂമിയുടെ രേഖകൾ അധികൃതർ കൈമാറി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി **ഭരിത പ്രതാപ്.**

(വോയിസ്)

********************************************************

## <u>ഐ.എസ്.എൽ</u>

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഹൈദരാബാദ് എഫ്.സി പോരാട്ടം. രാത്രി 7.30 ന് തെലങ്കാനയിലെ ജി.എം.സി ബാലയോഗി സ്റ്റേഡിയത്തിലാണ് മത്സരം.

********************************************************

RIUTVPM

## <u>ഗ്ലോക്കോമ ദിനം</u>

ഇന്ന് അന്താരാഷ്ട്ര ഗ്ലോക്കോമ ദിനം. ഗ്ലോക്കോമ രഹിത ലോകത്തിനായി ഒന്നിക്കാം എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചാരണത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം നേത്രപരിശോധന ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും നടത്തും.

********************************************************

## <u>തിരുവിതാംകൂർ റേഡിയോ</u>

കേരളത്തിലെ ആദ്യ റേഡിയോ പ്രക്ഷേപണത്തിന് ഇന്ന് 82 വയസ്സ്. 1943 മാർച്ച് 12 നായിരുന്നു അന്നത്തെ ട്രാവൻകൂർ ബ്രോഡ്കാസ്റ്റിംഗ് സ്റ്റേഷനിൽ നിന്നുള്ള ആദ്യ റേഡിയോ പ്രക്ഷേപണം ആരംഭിച്ചത്. ആദ്യവർഷങ്ങളിൽ ആഴ്ചയിൽ ഒരു പ്രക്ഷേപണമായിരുന്നു ഉണ്ടായിരുന്നത്. 1947 മുതൽ നിലയം സ്ഥിരപ്രക്ഷേപണം ആരംഭിച്ചു.

********************************************************

## ഇടുക്കി - കടുവ

ഇടുക്കി വണ്ടിപ്പെരിയാറിനു സമീപം ഗ്രാമ്പിയിൽ ജനവാസ മേഖലയിൽ കടുവയുടെ സാന്നിധ്യം. പ്രദേശത്ത് വനംവകുപ്പ് കൂട് സ്ഥാപിച്ചു. കടുവ അവശനാണെന്നാണ് വനംവകുപ്പിൻറെ വിലയിരുത്തൽ. അതിനാൽ പിടികൂടി ഉൾവനത്തിൽ വിടാനാണ് നിർദേശം. മുപ്പതോളം വനപാലകരും വെറ്റിനറി സംഘവും സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്. രാത്രി കാലങ്ങളിലും പുലർച്ചെയും പുറത്തിറങ്ങുന്നത് പരമാവധി ഒഴിവാക്കാൻ വനംവകുപ്പ് മുന്നറിയിപ്പ് നൽകി.

**************************************************

## ഇടുക്കി - കാട്ടാന

ഇടുക്കി അറക്കുളം പഞ്ചായത്തിൽ, കാട്ടാന കൃഷി നശിപ്പിച്ചു. പഞ്ചായത്തിലെ മൂന്ന്, നാല്, അഞ്ച് വാർഡുകളിൽ ലക്ഷങ്ങളുടെ കാർഷികവിളകളാണ് ആന നശിപ്പിച്ചത്.

RNU TVPM

**************************************************

## കന്നുകാലി ലോറികൾ

പാലക്കാട് വാളയാറിൽ നിയമം പാലിക്കാതെ കന്നുകാലികളെ കുത്തി നിറച്ചു കൊണ്ടുവന്ന ലോറികൾ പിടികൂടി. 9 വാഹനങ്ങളിൽ നിന്നായി 70,000 രൂപ മൃഗ സംരക്ഷണ വകുപ്പ് പിഴ ഈടാക്കി. എൻട്രി ഫീസായി ഒരു ലക്ഷം രൂപയും ഈടാക്കി.

**************************************************

**********************************

*********************